**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3044** **10-03-2025 - ൽ മറുപടിയ്ക്ക്**

**ക്രൂരകൃത്യങ്ങൾ അവതരിപ്പിക്കുന്ന സിനിമാരംഗങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ക്രൂരകൃത്യങ്ങൾ നിസ്സാരമായി അവതരിപ്പിക്കുന്ന സിനിമാരംഗങ്ങൾ കുട്ടികളിൽ അക്രമവാസനയും ക്രൂര മനോഭാവവും ലഹരിയോട് ആസക്തിയും വളർത്തുന്നുവെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ സെൻസർ ബോർഡിൽ തങ്ങളുടെ പ്രതിനിധിയെ ഉൾപ്പെടുത്തണമെന്ന് പൊതു വിദ്യാഭ്യാസ വകുപ്പ് സാംസ്കാരിക വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) | ആവശ്യപ്പെട്ടിട്ടില്ല. കേന്ദ്ര സർക്കാരിന്റെ വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലാണ് സെൻസർ ബോർഡ് പ്രവർത്തിക്കുന്നത്. |
| (ബി) | സിനിമകൾ, സോഷ്യൽ മീഡിയ തുടങ്ങിയവ കുട്ടികളിൽ അക്രമവാസനയും ലഹരിയോടുള്ള ആസക്തിയും വളർത്തുന്ന രീതിയിൽ സ്വാധീനം ചെലുത്തുന്നതായിപറയപ്പെടുന്ന സാഹചര്യത്തിൽ സാംസ്കാരിക വകുപ്പ് എന്തൊക്കെ പ്രതിരോധ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ? | (ബി) | • കുട്ടികളിൽ ലഹരി ഉപയോഗം തടയുന്നതിനും, അക്രമ വാസന ഒഴിവാക്കുന്നതിനുമായി കെ.എസ്.എഫ്.ഡി.സി. സംസ്ഥാന സർക്കാരിന് വേണ്ടി ബോധവത്ക്കരണ ചിത്രങ്ങൾ നിർമ്മിച്ച്, കേരളത്തിലുടനീളമുള്ള കെ.എസ്.എഫ്.ഡി.സി. യുടെ ഉടമസ്ഥതയിൽ ഉള്ള തീയേറ്ററുകളിൽ പ്രദർശിപ്പിക്കുന്നതാണ്.<br>• കേരള സംസ്ഥാന ചലച്ചിത്ര നയം തയ്യാറായിക്കൊണ്ടിരിക്കുകയാണ്. ഇതിൽ ചലച്ചിത്രങ്ങൾ അനഭലഷണീയമായ പ്രവണതകൾ പ്രോത്സാഹിപ്പിക്കാതിരിക്കുവാനുള്ള മാർഗ്ഗരേഖകൾ ഉൾപ്പെടുത്തുന്നതാണ്.<br>• സിനിമാ രംഗത്ത് നിന്നുള്ള ഒരു ബാലതാരത്തെ ലഹരി ഉപയോഗത്തിനും, കുട്ടികളുടെ അക്രമവാസന തടയുന്നതുമായ പ്രവർത്തനങ്ങളിൽ "ബ്രാൻഡ് അംബാസിഡർ" ആക്കുന്നതിനുള്ള നടപടിയും പരിഗണനയിലാണ്.<br>• ഉന്നതമായ ജീവിതമൂല്യങ്ങൾ വളർത്തിയെടുക്കുന്നതിന് ഉതകുന്ന സിനിമകൾ ചലച്ചിത്ര അക്കാദമി ടൂറിംഗ് ടാക്കീസ് എന്ന പദ്ധതി മുഖേന സംസ്ഥാനത്തുടനീളം പ്രദർശിപ്പിക്കും. ഹിംസ, |

| | | | |
|---|---|---|---|
| | | | അക്രമം, ലഹരി എന്നീ തിന്മകൾക്ക് എതിരെ നിലകൊള്ളുന്ന ഉന്നതമായ മാനവിക മൂല്യങ്ങൾ പ്രസരിപ്പിക്കുന്ന സിനിമകളിലൂടെ ഇതിനെതിരായ ബോധവത്കരണം നടത്തും. |

സെക്ഷൻ ഓഫീസർ